**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6370** **21.11.2019 ൽ മറുപടിക്ക്**

# ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കാമോ; | (എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയാൽ അതനുസരിച്ച് പ്രൊപ്പോസൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർ ഓഫീസ് വഴി സർക്കാരിൽ സമർപ്പിക്കുകയും പ്രൊപ്പോസൽ പരിഗണിച്ച് സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) വയനാട് ജില്ലയിൽ ഏതെങ്കിലും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകൾ എന്ന് വിശദമാക്കാമോ; | (ബി) സുൽത്താൻ ബത്തേരി എം.എൽ.എ യുടെ ശുപാർശ പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് ഡിവിഷൻ വയനാട് നൽകിയ കത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചുവെങ്കിലും അതിനോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ ഉള്ളടക്കം ചെയ്യാത്തതിനാൽ ആയത് സമർപ്പിക്കുവാൻ വയനാട് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.<br>1. നരിക്കുണ്ട് പാറക്കൊല്ലി റോഡ് - 2.900 കിമീ<br>2. അഞ്ചപ്പാറ മലയച്ചംകൊല്ലി റോഡ് - 6.400 കി.മീ<br>3. മീനങ്ങാടി കുമ്പ്ലേരി റോഡ് - 3.00 കി.മീ |

| | |
|---|---|
| (സി) ഏതെങ്കിലും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടാൽ ആയത് പരിഗണിക്കുന്ന കാര്യം ആലോചിക്കുമോ? | (സി) നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ